# 'കേരജം' വെളിച്ചെണ്ണ വിപണിയിലിറക്കി

- 50 പഞ്ചായത്തുകളിൽ നീര പ്ലാന്റുകൾ സ്ഥാപിക്കും




നാളികേര വികസന കോർപറേഷന്റെ 'കേരജം' വെളിച്ചെണ്ണ കോഴിക്കോട് നടന്ന ചടങ്ങിൽ മന്ത്രി കെ.പി മോഹനൻ എം.കെ. രാഘവൻ എം.പിക്ക് നൽകി വിപണിയിലിറക്കുന്നു

**കോഴിക്കോട്:** സംസ്ഥാന നാളികേര വികസന കോർപറേഷന്റെ 'കേരജം' വെളിച്ചെണ്ണ വിപണിയിലിറക്കി. ഗുണനിലവാരമുള്ള കൊപ്രയിൽനിന്ന് ആധുനിക മില്ലിൽ ആട്ടിയെടുത്ത് രണ്ടുതവണ ശുദ്ധീകരിച്ച വെളിച്ചെണ്ണയാണ് കേരജമെന്ന് നാളികേര വികസന കോർപറേഷൻ അധികൃതർ പറഞ്ഞു. കേരജം വെളിച്ചെണ്ണയുടെ പാക്കറ്റ് മന്ത്രി കെ.പി. മോഹനൻ എം.കെ. രാഘവൻ എം.പിക്ക് നൽകി വിപണിയിലിറക്കി.

നാളികേരത്തിൽനിന്ന് വിവിധ ഉൽപന്നങ്ങൾ നിർമിച്ച് നാളികേര കർഷകരുടെ സ്ഥിതിമെച്ചപ്പെടുത്തുമെന്ന് മന്ത്രി പറഞ്ഞു. വെളിച്ചെണ്ണ കൂടാതെ കോർപറേഷന്റെ എലത്തൂർ പ്ലാന്റിൽ ഉൽപാദിപ്പിക്കുന്ന നീര ഇപ്പോൾ വിപണിയിലുണ്ട്. ആറ്റിങ്ങൽ നാമത്തുനിന്ന് വെർജിൻ കോകനട്ട് ഓയിലും വിപണിയിൽ ലഭ്യമാക്കുമെന്ന് അദ്ദേഹം പറഞ്ഞു. ത്രിതല പഞ്ചായത്തുകളുടെ സഹകരണത്തോടെ 50 പഞ്ചായത്തുകളിൽ നീര പ്ലാന്റുകൾ സ്ഥാപിക്കും. തെങ്ങുകൃഷി പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി 10,000 തെങ്ങിൻ തൈകൾ വിതരണം ചെയ്യുമെന്ന് അദ്ദേഹം പറഞ്ഞു. ചെയർമാൻ സബാഹ് പുൽപറ്റ അധ്യക്ഷത വഹിച്ചു. കനയത്ത് ചന്ദ്രൻ, നാരായണൻ മാസ്റ്റർ, ബാലനാരായണൻ എന്നിവർ സംസാരിച്ചു. എം.ഡി അശോക്കുമാർ തെക്കൻ സ്വാഗതം പറഞ്ഞു.